പക്ഷേ അത് പ്രായോഗികമായി നടപ്പിലാക്കപ്പെട്ടിട്ടില്ല. ഗുരുവായൂരിൽ വർദ്ധിച്ചുവരുന്ന മോഷണങ്ങളേയും കവർച്ചകളേയും ഫലപ്രദമായി തടയുന്നതിനാവശ്യമായ വിധത്തിൽ പോലീസ് സേനയുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. അവിടെ പ്രത്യേകമായ ഒരു സംവിധാനം ഇതിനുവേണ്ടി ഉണ്ടാക്കണമെന്ന ആവശ്യമാണ് ഉന്നയിക്കാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ഗുരുവായൂരിൽ ഉണ്ടായ മോഷണങ്ങളുമായി ബന്ധപ്പെട്ട് മൂന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ രണ്ട് കേസ്സുകളിലെ പ്രതികളെ കണ്ടെത്തി പിടികൂടുന്നതിനും മറ്റും പോലീസ് ശാസ്ത്രീയമായിട്ടുള്ള അന്വേഷണങ്ങൾ നല്ല രീതിയിൽ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവിടെ പോലീസിന്റെ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന കാര്യം സംബന്ധിച്ച് പ്രത്യേകം പരിശോധിക്കുന്നതാണ്. ഗുരുവായൂരിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന വച്ചുകൊണ്ടുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിക്കുന്നത്. റിപ്പോർട്ട് ചെയ്യപ്പെട്ട കേസ്സുകൾ പിടികൂടുന്നതിനുള്ള അന്വേഷണം ഊർജ്ജിതപ്പെടുത്താൻ എസ്.പി.ക്ക് നിർദ്ദേശം കൊടുക്കുന്നതാണ്.

(7) റീ-സർവ്വേ

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ റീ-സർവ്വേ പൂർത്തിയായില്ലായെന്ന കാരണത്താൽ 12,154 കൃഷിക്കാരുടെ കൃഷിഭൂമിക്ക് റവന്യൂ ഉദ്യോഗസ്ഥർ പട്ടയത്തിന്റെമേൽ കരം സ്വീകരിക്കാതിരിക്കുകയാണ്. ഇന്നത്തെ നിലയിൽ റീ-സർവ്വേ പൂർത്തിയാകണമെങ്കിൽ മൂന്ന് വർഷമെങ്കിലും വേണ്ടിവരുമെന്നാണ് ഉദ്യോഗസ്ഥരിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുള്ളത്. അതിനർത്ഥം കരം സ്വീകരിക്കാൻ ഇനിയും മൂന്നുവർഷം കൃഷിക്കാർ കാത്തിരിക്കേണ്ടി വരുമെന്നാണ്. കരം സ്വീകരിക്കാത്തതിനെതുടർന്ന് ബാങ്കുകളിൽനിന്ന് കാർഷിക വായ്പയടക്കമുള്ള വായ്പകളെടുക്കാൻ കഴിയുന്നില്ല എന്നുമാത്രമല്ല കഴിഞ്ഞ കാലങ്ങളിലെടുത്ത വായ്പകൾ പുതുക്കിതിരിച്ച് വായ്പയെടുക്കാനും കഴിയാത്ത സ്ഥിതിയുണ്ട്. റീ-സർവ്വേ പൂർത്തിയാകാത്തത് കൃഷിക്കാരുടെ എന്തെങ്കിലും കുഴപ്പംകൊണ്ടല്ല. അപ്പോൾ ചെയ്യാത്ത കുറ്റത്തിന് കൃഷിക്കാർ ഇന്ന് ശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഡിപ്പാർട്ടുമെന്റിന്റെ കുറ്റംകൊണ്ട് റീ-സർവ്വേ പൂർത്തിയാകാതിരിക്കുന്നതിനുള്ള ശിക്ഷ അനുഭവിക്കുന്ന കൃഷിക്കാരെ ഇതിൽനിന്ന് സംരക്ഷിക്കുന്നതിന് അടിയന്തരമായി ഗവൺമെന്റ് ഒരു പ്രത്യേക ഉത്തരവിറക്കി നിർദ്ദേശം കൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നതിനാണ് ഈ സബ്മിഷൻ.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സർ, ആകെ 23 വില്ലേജുകളുള്ള ഉടുമ്പൻചോല താലൂക്കിൽ എട്ട് വില്ലേജുകളിൽ റീ-സർവ്വേ പൂർത്തിയാക്കിയ റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. 13 വില്ലേജുകളിലെ റീ-സർവ്വേ ഫീൽഡ് ജോലി പൂർത്തിയായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

റീ-സർവ്വേ പൂർത്തിയാക്കിയ റെക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടില്ലാത്ത വില്ലേജുകളിൽ പഴയ സർവ്വേ നമ്പരിൽ കരം അടയ്ക്കുന്നതിന് സാങ്കേതിക തടസ്സങ്ങളൊന്നും തന്നെയില്ല. റീ-സർവ്വേ റെക്കോർഡ് റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ പരിഹരിക്കുന്നതിന് അഡീഷണൽ തഹസിൽദാരുടെ നേതൃത്വത്തിൽ ഒരു പുതിയ സംവിധാനം 1-7-2010 മുതൽ നിലവിലുണ്ട്. ശ്രീ. കെ. കെ. ജയചന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ച പന്തീരായിരത്തിലേറെ വരുന്ന കൃഷിക്കാരുടെ നികുതി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായ വിഷമതകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(8) പ്ലാസ്റ്റിക് മാലിന്യങ്ങൾ അസംസ്കൃത വസ്തുവാക്കി റോഡ് ടാറിംഗ്

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : സർ, പ്ലാസ്റ്റിക് മാലിന്യങ്ങൾ അസംസ്കൃത വസ്തുവാക്കി റോഡ് ടാറിംഗിന് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. നമ്മുടെ നാട്ടിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ കൂമ്പാരമാകുകയാണ്. ഇത്തരം ഒരു സാഹചര്യത്തിൽ കണ്ണൂരിലുള്ള കെ. സി. ബാബു എന്നയാൾ ഒരു സ്ഥാപനം തുടങ്ങിയിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്ക്കരിച്ച് റീസൈക്കിൾ ചെയ്ത് നിരവധി ഉൽപ്പന്നങ്ങൾ ഉണ്ടാക്കാമെന്നും അതിന്റെ സിംഹഭാഗവും റോഡ് ടാറിംഗിന് വേണ്ടി അസംസ്കൃത വസ്തുവായി ഉപയോഗിക്കാമെന്നുമാണ് അദ്ദേഹം പറയുന്നത്. ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് ആ സ്ഥാപനം സന്ദർശിച്ചിരുന്നു. അതിനുശേഷം അദ്ദേഹം പത്രസമ്മേളനം നടത്തി. ശ്രീ. ആർ. വി. ജി. മേനോൻ ചെയർമാനായിക്കൊണ്ട് ഒരു സമിതിയെ നിശ്ചയിച്ചു. നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തുകളുടേയും ബ്ലോക്കുകളുടേയുമൊക്കെ സഹായത്തോടുകൂടി വ്യാപകമായി അത്തരം സ്ഥാപനങ്ങളുണ്ടാക്കിയാൽ പ്ലാസ്റ്റിക് മാലിന്യപ്രശ്നം കുറെ പരിഹരിക്കാൻ സാധിക്കും. അതുപോലെ കുറച്ച് സ്ട്രോങ്ങായിട്ടുള്ള റോഡ് ഉണ്ടാക്കാൻ പറ്റും. അതുസംബന്ധിച്ച് ഗൗരവത്തിൽ പരിശോധിക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി. എന്നാൽ ഒരു നടപടിയും സ്വീകരിച്ചുകാണുന്നില്ല. ഇത്തരം യൂണിറ്റുകൾ പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ആരംഭിക്കണം. പഞ്ചായത്തുകൾക്കെല്ലാം വലിയ താല്പര്യമുണ്ട്. മാലിന്യം വലിയ തലവേദനയാണ്. മാധ്യമങ്ങളെല്ലാം മുഴപ്പിലങ്ങാടുള്ള ശ്രീ. ബാബുവിന്റെ 'സൂര്യ' എന്ന് പറയുന്ന യൂണിറ്റിനെ സംബന്ധിച്ച് ഒരുപാട് വാർത്തകൾ കൊടുത്തിരുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ സംരംഭത്തെ അഭിനന്ദിച്ചിരുന്നു. ഇത് സംബന്ധിച്ച് വളരെ ഗൗരവത്തിൽ ഗവൺമെന്റ് ഇടപെടണം. പഞ്ചായത്തുകളൊക്കെ ഈ സംരംഭത്തിന് സന്നദ്ധമാണ്. ഒരു യൂണിറ്റുണ്ടാക്കുന്നതിന് പത്തിരുപത് ലക്ഷം രൂപയേ ചെലവാകുകയുള്ളു. അതുസംബന്ധിച്ച് ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് പഞ്ചായത്തുകളെക്കൊണ്ട് ഇത്തരം യൂണിറ്റുകളുണ്ടാക്കാൻ പ്രേരിപ്പിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly